# ആരോഗ്യ കേരളം

arogyakeralam newsletter

**NEWYEAR EDITION**

January 2026

Follow us on

arogyakeralam.gov.in












സംസ്ഥാനതല ഉദ്ഘാടനം














# ആരോഗ്യ കേരളം

arogyakeralam newsletter

January 2026
Follow us on
arogyakeralam.gov.in



പുതുവർഷത്തിൽ വൈബ് 4 വെൽനസിൽ

## പങ്കാളികളായി 10 ലക്ഷത്തോളം പേർ

**സൂംബ ടീമിനോടൊപ്പം നൃത്തം ചെയ്ത് മന്ത്രി വീണാ ജോർജ്**

തിരുവനന്തപുരം: 'ആരോഗ്യം ആനന്ദം – വൈബ് 4 വെൽനസ്സ്' എന്ന പേരിൽ ആരോഗ്യ വകുപ്പ് സംഘടിപ്പിച്ച ജനകീയ ക്യാമ്പയിനിൽ സംസ്ഥാനമാകെ പുതുവർഷത്തിൽ മാത്രം പങ്കെടുത്തത് 10 ലക്ഷത്തോളം പേർ. ആരോഗ്യ വകുപ്പ്, ആയുഷ് വകുപ്പ്, വനിത ശിശു വികസന വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു.

വൈബ് 4 വെൽനസിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിച്ചു. രാവിലെ മുതൽ നിരവധി പരിപാടികളാണ് സെൻട്രൽ സ്റ്റേഡിയത്തിൽ നടന്നത്. രാവിലെ തന്നെ മന്ത്രി വീണാ ജോർജ് സെൻട്രൽ സ്റ്റേഡിയത്തിലെത്തി വ്യായാമത്തിനായി എത്തിയവരോട് ഒപ്പം ചേർന്നു.



സൂംബ ടീമിനോടൊപ്പം മന്ത്രി നൃത്തം ചെയ്യുകയും ചെയ്തു.

ആരോഗ്യവകുപ്പ് ജീവനക്കാരും ആയുഷ് വകുപ്പ് ജീവനക്കാരും തമ്മിൽ സൗഹൃദ ക്രിക്കറ്റ് മത്സരം, സൈക്ലിംഗ്, സ്കേറ്റിംഗ് റാലി, സുംബ, യോഗ, എയറോബിക്സ്, സ്റ്റെപ് ഡാൻസ് മുതലായ ഗ്രൂപ്പ് എക്സർസൈസുകൾ, നല്ല ഭക്ഷണ രീതികൾ പരിചയപ്പെടുത്തുന്ന സെഷനുകൾ, സൗജന്യ ഡയറ്റ് കൗൺസിലിങ് സേവനങ്ങൾ എന്നിവയായിരുന്നു പ്രധാന ഇനങ്ങൾ. മാനസികാരോഗ്യം, നല്ല ഉറക്കം, സ്ലീപ് ഹൈജിൻ തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സുകളും ഉണ്ടായിരുന്നു.

സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലും, 5416 ജനകീയാരോഗ്യ കേന്ദ്രങ്ങളിലും, യോഗ ക്ലബുകളിലും അങ്കണവാടികളിലും, രാവിലെ 9 മുതൽ വ്യായാമത്തിനുള്ള സൗകര്യങ്ങൾ സജ്ജമാക്കിയിരുന്നു. വൈബ് 4 വെൽനസ്സിലൂടെ നാല് മേഖലകളിൽ ബോധവത്ക്കരണ പരിപാടികൾക്കാണ് തുടക്കമിടുന്നത്. നല്ല ഭക്ഷണശീലം, വ്യായാമം പ്രോത്സാഹിപ്പിക്കൽ, ഉറക്കവും വിശ്രമവും, മാനസിക സുസ്ഥിതി എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഡിസംബർ 12 യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ഡേ

## അതിക്രമങ്ങളിൽ പതറാതിരിക്കാൻ ഓർക്കുക 181 ഹെൽപ്പ് ലൈൻ

**ഇതുവരെ തുണയായത് 5.66 ലക്ഷം സ്ത്രീകൾക്കും കുട്ടികൾക്കും**




തിരുവനന്തപുരം: വിവിധതരം വെല്ലുവിളികൾ നേരിടുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ ഉറപ്പാക്കി മിത്ര 181 ഹെൽപ്പ് ലൈൻ. കൂടുതൽ സ്ത്രീകൾക്ക് സഹായകരമാകുന്ന രീതിയിൽ സേവനം വിപുലപ്പെടുത്തിയിരുന്നു. 181 എന്ന ടോൾ ഫ്രീ നമ്പരിലൂടെ വനിതകൾക്ക് എല്ലാ മേഖലകളിലെയും വിവരാന്വേഷണവും അത്യാവശ്യ സേവനങ്ങളും 24 മണിക്കൂറും ലഭ്യമാക്കി. 2017ൽ ഹെൽപ്പ് ലൈൻ ആരംഭിച്ചത് മുതൽ ഇതുവരെ 5,66,412 കോളുകൾ ആണ് ഹെൽപ്പ് ലൈനിൽ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. അതിൽ ആവശ്യമായ രണ്ടു ലക്ഷത്തോളം കേസുകളിൽ പൂർണ്ണ സഹായമെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്

എല്ലാ സ്ത്രീകളും മിത്ര 181 നമ്പർ ഓർത്ത് വയ്ക്കണമെന്നും അത്യാവശ്യ ഘട്ടങ്ങളിൽ സേവനം പ്രയോജനപ്പെടുത്തണമെന്നും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭ്യർത്ഥിച്ചു. സ്വകാര്യത നിലനിർത്തിക്കൊണ്ട് തന്നെ നീതി ലഭിക്കാൻ, പ്രതിസന്ധികളെ അതിജീവിക്കാൻ, ജീവിതത്തിലെ സ്വപ്നങ്ങൾ തിരിച്ചുപിടിക്കാൻ സംസ്ഥാന സർക്കാറും വനിത വികസന കോർപ്പറേഷനും ഒപ്പം ഉണ്ട്. കൗൺസലിങ്, നിയമോപദേശം, അടിയന്തര സംരക്ഷണം തുടങ്ങിയ സഹായങ്ങളുമായി 24 മണിക്കൂറും 181 ഹെൽപ്പ് ലൈൻ നിങ്ങൾക്കായുണ്ട്. മടിക്കേണ്ടതില്ല. നേരിട്ട് വിളിക്കാം.

മിത്ര 181 ഹെൽപ്പ് ലൈനിലേക്ക് വിളിക്കുന്നവർക്ക് പോലീസ്, ആശുപത്രി, ആംബുലൻസ് സേവനങ്ങൾ, മറ്റ് സംവിധാനങ്ങൾ പോലുള്ള ഉചിതമായ ഏജൻസികളിലേക്കുള്ള റഫറലുകൾ വഴി സേവനം ഉറപ്പാക്കുന്നു. കൗമാ

(പേജ് 6ൽ തുടർന്ന് വായിക്കുക)




പുതുചരിത്രം

## അതിരുകളില്ലാത്ത ഹൃദയം



എറണാകുളം: നേപ്പാൾ സ്വദേശിനി ദുർഗ കാമിയിൽ മലയാളിയുടെ ഹൃദയം തുടിച്ചപ്പോൾ പിറന്നത് പുതു ചരിത്രം. രാജ്യത്ത് ഹൃദയം മാറ്റൽ ശസ്ത്രക്രിയ നടത്തുന്ന ആദ്യ ജില്ലാതല സർക്കാർ ആശുപത്രിയെന്ന നേട്ടം എറണാകുളം ജനറൽ ആശുപത്രി നേടി. കൊല്ലം ചിറയ്ക്കര ഇടവട്ടം സ്വദേശിയായ എസ് ഷിബു (46) വിന്റെ ഹൃദയമാണ് ദുർഗയിൽ തുന്നിച്ചേർത്തത്. ഹോട്ടൽ ജീവനക്കാരനായിരുന്ന ഷിബുവിന് ഡിസംബർ 14നാണ് വീടിനു സമീപം മുക്കാട്ടുകുന്നിൽ സ്കൂട്ടർ അപകടമുണ്ടാകുന്നത്. തുടർന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുമ്പോഴാണ് മസ്തിഷ്കമരണം സംഭവിച്ചത്. കുടുംബാംഗങ്ങൾ അവയവദാനത്തിന് സമ്മതമറിയിച്ചതോടെ സർക്കാർ വേഗത്തിൽ നടപടികൾ സ്വീകരിച്ചു. തിരുവനന്തപുരത്തുനിന്ന് ഹെലികോപ്റ്ററിലെത്തിച്ച ഹൃദയം ദുർഗയിൽ വെച്ചുപിടിപ്പിച്ചു.

> കൊല്ലം ചിറയ്ക്കര ഇടവട്ടം സ്വദേശിയായ എസ് ഷിബു (46) വിന്റെ ഹൃദയമാണ് ദുർഗയിൽ തുന്നിച്ചേർത്തത്.

എറണാകുളം ജനറൽ ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താനായി മന്ത്രി വീണാ ജോർജിന്റെ നിർദേശ പ്രകാരം വിപുലമായ സൗകര്യങ്ങളാണ് ഒരുക്കിയത്. രാജ്യത്ത് ആദ്യമായി ജില്ലാതല ആശുപത്രിയിൽ ഹൃദയം തുറക്കാതെ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും ഈ കാലയളവിൽ ഇവിടെ സാധ്യമാക്കി. ഇതിന് പിന്നാലെയാണ് ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയത്.

മികച്ച ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തുന്ന എറണാകുളം ജനറൽ ആശുപത്രി അക്ഷരാർത്ഥത്തിൽ സാധാരണക്കാരുടെ ആശ്രയമാണ് ദുർഗ കാമിയെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് ആശുപത്രിയിൽ സന്ദർശിച്ചു. ഒരുപാട് പേരുടെ പരിശ്രമത്തിലൂടെയാണ് എറണാകുളം ജനറൽ ആശുപത്രിയിൽ ഇത്തരത്തിൽ ഒരു ശസ്ത്രക്രിയ സാധ്യമായത്. സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ കിഫ്ബിയിലൂടെ ഓപ്പറേഷൻ തിയറ്റർ ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ സജ്ജമാക്കിയെന്നും മന്ത്രി പറഞ്ഞു. എറണാകുളം ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടെ സമർപ്പണമാണ് ഏറ്റവും പ്രധാനമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പുതുവർഷത്തിൽ പുതുതുടക്കം

## കേക്കല്ല, മുറിച്ചത് മധുരക്കിഴങ്ങ്



കാസറഗോഡ്: ആരോഗ്യം ആനന്ദം, വൈബ് ഫോർ വെൽനെസ്സ് ക്യാമ്പയിൻ മധുരക്കിഴങ്ങു മുറിച്ചു കൊണ്ട് തുടക്കം കുറിച്ചു. പുതുവർഷത്തിൽ കേക്ക് മുറിക്കലിന് പകരം മധുരക്കിഴങ്ങ് മുറിച്ച് കൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ വി രാംദാസ്, ആരോഗ്യം ആനന്ദം വൈബ് ഫോർ വെൽനെസ്സ് ക്യാമ്പയിനു കാസറഗോഡ് ജില്ലയിൽ തുടക്കം കുറിച്ചു. ഓഫീസുകളിലും മറ്റ് സ്ഥാപനങ്ങളിലും ആരോഗ്യകരമായ ഭക്ഷണ ശീലം പിന്തുടരാനുള്ള പ്രചോദനം നൽകുന്നതിന്റെ ഭാഗമായാണ് എണ്ണ പലഹാരങ്ങൾക്ക് പകരം പോഷക സമൃദ്ധമായ മധുരക്കിഴങ്ങു വിതരണം നടത്തിയതെന്നു ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അറിയിച്ചു. ജില്ലാ മെഡിക്കൽ ഓഫീസിൽ നടന്ന ചടങ്ങിൽ ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. അജയ് രാജ് ബോധവൽക്കരണ ക്ലാസ്സെടുത്തു. ആരോഗ്യകരമായ ജീവിത ശൈലി പിന്തുടരുന്നതിനായി കേരള സർക്കാർ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ആരംഭിച്ച വൈബ് 4 വെൽനെസ്സ് ക്യാമ്പയിനിൽ ആരോഗ്യകരമായ ഭക്ഷണം (Eat Well), പ്രായാനുസൃത വ്യായാമം (Act Well), കൃത്യമായ ഉറക്കം (Sleep Well), ആരോഗ്യ പരിപാലനം (Care Well) എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ക്യാമ്പയിനുമായി ബന്ധപ്പെട്ട് ജില്ലയിലെ സബ് സെന്റർ മുതൽ ജില്ലാ ആശുപത്രി വരെയുള്ള വിവിധ ആരോഗ്യ സ്ഥാപനങ്ങളിൽ ബോധവൽക്കരണ സെമിനാർ, യോഗ ക്ലാസ്സ് വ്യായാമ പ്രദർശനം,സൂമ്പ ഡാൻസ് തുടങ്ങിയവ സംഘടിപ്പിച്ചു.

## എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുക ലക്ഷ്യം: മന്ത്രി വീണാ ജോർജ്

തിരുവനന്തപുരം: എല്ലാവർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. വിഷൻ 2031 ആരോഗ്യ രംഗത്തെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണിത്. വിവിധ സ്കീമുകളെ ഏകോപിപ്പിച്ചാണ് സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി വഴി 43.7 ലക്ഷം കുടുംബങ്ങൾക്ക് പരിരക്ഷ നൽകുന്നു. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയും നിലവിലുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി 5 ലക്ഷം രൂപയാണ് ഒരു കുടുംബത്തിന് ചികിത്സ നൽകുന്നത്. കൂടുതൽ പേർക്ക് ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ഡിസംബർ 12 യൂണിവേഴ്സൽ ഹെൽത്ത് കവറേജ് ദിനമാണ്. എല്ലാവർക്കും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ആരോഗ്യ സേവനങ്ങൾ സാമ്പത്തിക ഭാരമില്ലാതെ ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുന്ന ദിനം. ആരും ആരോഗ്യ സേവനങ്ങൾ ലഭിക്കാതെ പിന്നിലാക്കപ്പെടാതിരിക്കുക, ചികിത്സയ്ക്കായി സാമ്പത്തിക ബുദ്ധിമുട്ടിലേക്ക് ആളുകൾ തള്ളപ്പെടാതിരിക്കുക, ആരോഗ്യ സംവിധാനങ്ങൾ ശക്തമാക്കാനുള്ള സർക്കാരുകളുടെയും ആഗോള സംഘടനകളുടെയും പ്രതിബദ്ധത കൂട്ടുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സൗജന്യ ചികിത്സയിൽ മാതൃകയാണ് കേരളം. കഴിഞ്ഞ 3 വർഷവും രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള ആരോഗ്യ മന്ഥൻ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. 5 വർഷം കൊണ്ട് 25.17 ലക്ഷം പേർക്ക് ആകെ 8283 കോടിയുടെ സൗജന്യ ചികിത്സയാണ് നൽകിയത്. കാസ്പ് വഴി 24.06 ലക്ഷം പേർക്ക് 7627 കോടിയുടെ സൗജന്യ ചികിത്സയും കാരുണ്യ ബനവലന്റ് ഫണ്ട് വഴി 64075 പേർക്ക് 593 കോടിയുടെ സൗജന്യ ചികിത്സയും നൽകി.

ആരോഗ്യ വകുപ്പിന് കീഴിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വഴിയാണ് കാസ്പ് പദ്ധതി നടപ്പിലാക്കി വരുന്നത്. നിലവിൽ ഉണ്ടായിരുന്ന ആർ.എസ്.ബി.വൈ, ചിസ്, ചിസ് പ്ലസ് എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് കാസ്പ് അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 591 ആശുപത്രികൾ വഴി സംസ്ഥാനത്ത് പദ്ധതി സേവനങ്ങൾ ലഭ്യമാക്കി വരുന്നു. പദ്ധതിയുടെ ആരോഗ്യ ആനുകൂല്യ പാക്കേജ് പ്രകാരം ഗുണഭോക്താക്കൾക്ക് ചികിത്സാ സേവനങ്ങളാണ് ലഭ്യമാക്കുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾ അല്ലാത്തതും 3 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള കുടുംബങ്ങൾക്ക് ഒറ്റ തവണത്തേക്ക് 2 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള സൗജന്യ ചികിത്സ ലഭ്യമാകും.

പദ്ധതികൾ സംബന്ധമായ അന്വേഷണങ്ങൾക്കും പരാതികൾക്കും ദിശ ഹെൽപ് ലൈൻ നമ്പർ (1056/104), സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ജില്ലാ/സംസ്ഥാന ഓഫീസുകൾ എന്നിവയെ ബന്ധപ്പെടാവുന്നതാണ്.


### പത്രാധിപ സമിതി

ചീഫ് എഡിറ്റർ
ഡോ. വിനയ് ഗോയൽ ഐ.എ.എസ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
ഡോ. രാഹുൽ യു.ആർ
സ്റ്റേറ്റ് നോഡൽ ഓഫീസർ ബി.സി.സി

എഡിറ്റർ
കെ പി ശിനോഷ്
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
ഡോണ തോമസ്
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസിസ്റ്റന്റ് എഡിറ്റർ
ടി സ്മൃതി ലക്ഷ്മി
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്
ശ്രേയ കൃഷ്ണ ആർ
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ
ജിജിൽ മാത്യു — കൺസൾട്ടന്റ് (ഡി&സി), ഇടുക്കി
ധാനി പ്രിയൻ — കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ
ദിവ്യ ചേലാട്ട് — കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്
വിനു എ — കൺസൾട്ടന്റ് (ഡി&സി), എറണാകുളം
വിനീഷ് സി ആർ — കൺസൾട്ടന്റ് (ഡി&സി), കോട്ടയം
ആഗ്നൽ ജോസഫ് — കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ
വർഷ ജയപ്രകാശ് — കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം
പ്രീത എം — ജെ.സി (ഡി&സി), പാലക്കാട്
ദിവ്യ ഇ ആർ — കൺസൾട്ടന്റ് (ഡി&സി), മലപ്പുറം
ബിൻസി രവീന്ദ്രൻ — ജെ.സി (ഡി&സി), കണ്ണൂർ
കമൽ കെ ജോസഫ് — ജെ.സി (ഡി&സി), കാസറഗോഡ്
നിജിൽ കെ എസ് — ജെ.സി (ഡി&സി), വയനാട്
അജിത് കുമാർ പി എ — ജെ.സി (ഡി&സി), പത്തനംതിട്ട
അശ്വിനി രവീന്ദ്രൻ — ജെ.സി (ഡി&സി), കൊല്ലം
ശ്രീദേവി കെ എസ് — ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

കൂത്തുപറമ്പിലെ

# മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം നിർവ്വഹിച്ച് മുഖ്യമന്ത്രി



കണ്ണൂർ കൂത്തുപറമ്പിൽ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു.

> കേവലമായ ഒരു കെട്ടിടമല്ല എല്ലാവിധ ആധുനിക സൗര്യങ്ങളും ഒരുക്കിയ സംവിധാനമാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്.

കണ്ണൂർ: സംസ്ഥാനത്തെ താലൂക്ക് ആശുപത്രി മുതൽ മെഡിക്കൽ കോളേജ് ആശുപത്രികൾ വരെ സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വന്നെന്നും പൊതുജനാരോഗ്യരംഗം കൂടുതൽ ജനസൗഹൃദപരവും ആധുനികവുമാക്കിയെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയുടെ മൾട്ടി സ്പെഷ്യാലിറ്റി കെട്ടിടം, ഡിജിറ്റൽ മാമോഗ്രാം മെഷീൻ, ഗർഭാശയ ഗള കാൻസർ പ്രതിരോധത്തിനുള്ള എച്ച്.പി.വി വാക്സിൻ വിതരണ സംസ്ഥാനതല പൈലറ്റ് പദ്ധതി എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള മറ്റൊരു വലിയ ചുവടുവെപ്പാണ് ഗർഭാശയഗള കാൻസർ പ്രതിരോധ എച്ച്പിവി വാക്സിൻ. കണ്ണൂർ ജില്ലയിൽ തുടക്കമായ ഈ പദ്ധതി സംസ്ഥാനമാകെ വ്യാപിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ഇന്ത്യയിൽ സ്ത്രീകളിൽ കണ്ടു വരുന്ന രണ്ടാമത്തെ പ്രധാനപ്പെട്ട അർബുദമാണ് ഗർഭാശയ ഗള അർബുദം. ഇത് പ്രതിരോധത്തിനായാണ് പ്ലസ് വൺ, പ്ലസ് ടു വിദ്യാർഥിനികൾക്ക് എച്ച്.പി.വി വാക്സിനേഷൻ ആരംഭിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേവലമായ ഒരു കെട്ടിടമല്ല എല്ലാവിധ ആധുനിക സൗകര്യങ്ങളും



ഒരുക്കിയ സംവിധാനമാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിലെ മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക്. 1957 ൽ ഇ.എം.എസ് സർക്കാരിന്റെ കാലത്ത് ഉണ്ടായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 2009ൽ താലൂക്ക് ആശുപത്രിയായി ഉയർന്നു. നിലവിൽ വിവിധ സ്പെഷ്യാലിറ്റി സൗകര്യങ്ങളോടുകൂടി 59.23 കോടി രൂപ ചെലവിൽ 12 നിലകളിലായി മൾട്ടി സ്പെഷ്യാലിറ്റി ബ്ലോക്ക് ഒരുക്കി. 171 കിടക്കകൾ, ഒൻപത് കിടക്കകളുള്ള മെഡിക്കൽ ഐസിയു, നാല് ഓപറേഷൻ തിയറ്ററുകൾ, നാല് ലേബർ സ്യൂട്ടുകളുള്ള ലേബർ റൂം,12 ഒ.പിൾ ക എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ വിവിധ മെഡിക്കൽ സ്പെഷ്യലിറ്റി വിഭാഗങ്ങളും ഇവിടെ പ്രവർത്തിക്കുന്നു.

കഴിഞ്ഞ ഒരു ദശാബ്ദകാലമായി ആരോഗ്യരംഗത്ത് സർക്കാർ ദീർഘവീക്ഷണം നടത്തി പ്രവർത്തിച്ചതിന്റെ ഫലമാണ്. കോവിഡ് മഹാമാരി ഉൾപ്പെടെ നമ്മൾ നേരിട്ട രീതി രാജ്യവും ലോകവും അത്ഭുതത്തോടെയാണ് നോക്കി കണ്ടത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറി. മാമോഗ്രാം സംവിധാനത്തിന് സഹായിച്ചത് 'ഗെയിൽ' ആണ്. സ്തനാർബുദം പോലുള്ള രോഗങ്ങൾ നേരത്തെ കണ്ടെത്താൻ ഈ പരിശോധന ആവശ്യമാണ്. പൊതുജനാരോഗ്യ മേഖലയിൽ മാമോഗ്രാം യാഥാർഥ്യമാകുന്നതോടെ സാധാരണക്കാർക്ക് വലിയ ആശ്വാസമാകും. ഗെയിൽ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ആരോഗ്യസംരക്ഷണ ദൗത്യത്തിൽ കൈകോർക്കുന്നത് അഭിനന്ദനാർഹമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.



കൂത്തുപറമ്പ് നഗരസഭാ സ്റ്റേഡിയത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ ആരോഗ്യം, വനിത, ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയായി. കേരളത്തിന്റെ ആരോഗ്യ രംഗത്തുണ്ടായ മാറ്റത്തിന്റെ ഉത്തമ ഉദാഹരണമാണ് കൂത്തുപറമ്പ് താലൂക്ക് ആശുപത്രി കെട്ടിടമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാർ ആശുപത്രികളെ ജനസൗഹൃദവും ജനകീയവും രോഗി സൗഹൃദവുമാക്കി മാറ്റി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് കൂടി സാധ്യമാകും വിധം കാൻസർ ചികിത്സ താലൂക്ക് ആശുപത്രികളിലേക്ക് എത്തിച്ചെന്നും മന്ത്രി പറഞ്ഞു. ഇതുവരെ 5417 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ഉദ്ഘാടനം ചെയ്തു. 740 കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റി. താലൂക്ക് ആശുപത്രികളിൽ ഉൾപ്പെടെ 150 ലധികം ആശുപത്രികളിൽ നിലവിൽ ഡയാലിസിസ് സൗകര്യം ലഭ്യമാണ്. ഒൻപത് വർഷം മുമ്പ് നാല് മെഡിക്കൽ കോളേജുകളിലാണ് കാത്ത് ലാബ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ 22 ഓളം ഇടങ്ങളിൽ കാത്ത് ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. എം.പി.മാരായ ഡോ. വി. ശിവദാസൻ, എം.എൽ.

> 1957 ൽ ഇ.എം.എസ് സർക്കാരിന്റെ കാലത്ത് ഉണ്ടായ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ 2009ൽ താലൂക്ക് ആശുപത്രിയായി ഉയർന്നു

എമാരായ കെ.കെ. ശൈലജ ടീച്ചർ, കെ.പി മോഹനൻ എന്നിവർ മുഖ്യാതിഥികളായി. കൂത്തുപറമ്പ് നഗരസഭ ചെയർപേഴ്സൺ വി.സുജാത ടീച്ചർ റിപ്പോർട്ട് അവതരിപ്പിച്ചു. ജനപ്രതിനിധികൾ, പൊതുപ്രവർത്തകർ, ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഇതോടൊപ്പം കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന് കീഴിലെ പാട്യം ചെറുവാഞ്ചേരി സാമൂഹിക ആരോഗ്യ കേന്ദ്രത്തിനായി നിർമ്മിച്ച പുതിയ കെട്ടിടം ആരോഗ്യം, വനിത, ശിശുവികസന വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു. കെ പി മോഹനൻ എംഎൽഎ അധ്യക്ഷത വഹിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ.കെ രത്നകുമാരി, കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ ഷീല, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന എന്നിവർ വിശിഷ്ടാതിഥികളായി. പുതിയ കെട്ടിടത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പരിശോധന മുറികൾ, രോഗി നിരീക്ഷണ മുറി, മൈനർ ഓപറേഷൻ തിയേറ്റർ മുതലായവ സജ്ജമാക്കി വരികയാണ്. ഈ കെട്ടിടം സജ്ജമാക്കുന്നതിന് വേണ്ടി എൻഎച്ച്എം ആർ.ഒപി ഫണ്ടിൽ നിന്നും 2.96 കോടി രൂപയും ആർദ്രം മിഷൻ സ്റ്റേറ്റ് പ്ലാൻ ഫണ്ട് വഴി 37.5 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വാപ്കോസ്, എച്ച്എൽഎൽ എന്നിവരാണ് നിർവഹണ ഏജൻസികൾ.

ആർദ്രം സ്റ്റേറ്റ് പ്ലാൻ ഫണ്ട് 1.24 കോടി രൂപ ഉപയോഗിച്ച് ഇരിക്കൂർ താലൂക്ക് ആശുപത്രിക്കായി നിർമിച്ച പുതിയ ഒ.പി ബ്ലോക്കിന്റെ ഉദ്ഘാടനവും മന്ത്രി വീണാ ജോർജ് നിർവഹിച്ചു. പാമ്പ് കടിയേറ്റവർക്കുള്ള ചികിത്സയ്ക്കായി ആന്റി വെനം ഇരിക്കൂർ താലൂക്ക് ആശുപത്രിയിൽ ലഭ്യമാക്കുമെന്ന് മന്ത്രി അറിയിച്ചു. അഡ്വ. സജീവ് ജോസഫ് എം എൽ എ അധ്യക്ഷനായി. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. കെ.ജെ റീന, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. റോബർട്ട് ജോർജ്, വൈസ് പ്രസിഡന്റ് ഒ.എസ് ലിസി, ഇരിക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.പി ഫാത്തിമ, ബ്ലോക്ക് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷൻ പി.കെ മുനീർ, ബ്ലോക്ക് പഞ്ചായത്ത് അംഗം സി.വി.എൻ യാസിറ, പഞ്ചായത്ത് അംഗം ബി.പി നലീഫ, ഡി.എം.ഒ ഡോ. പിയൂഷ് എം, ഡി പി എം ഡോ. അനിൽ കുമാർ, ഇരിക്കൂർ താലൂക്ക് ആശുപത്രി മെഡിക്കൽ ഓഫീസർ ഡോ. ധന്യ ജോസ്, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.



ഇരിക്കൂർ താലൂക്ക് ആശുപത്രിയിലെ പുതിയ ഒ.പി കെട്ടിടത്തിന്റെ ഉദ്ഘാടനചടങ്ങിൽ നിന്നും



# വൈബ് പകരാൻ ആമക്കുട്ടന്റെ പര്യടനം



ഇടുക്കി: സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ആരോഗ്യം ആനന്ദം വൈബ് 4 വെൽത്ത് കാമ്പയിന്റെ പ്രചരണാർത്ഥം ഇടുക്കി ജില്ലാ ആരോഗ്യവകുപ്പിന്റെ അംബാസിഡറായി ആമ പൊതുജനങ്ങളിലേക്കിറങ്ങി ജനശ്രദ്ധ ആകർഷിച്ചു.

ശരിയായ രീതിയിൽ സ്ഥിരമായ വ്യായാമത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലും പ്രത്യേകിച്ച് യുവാക്കൾക്കിടയിലും എത്തിക്കുക എന്ന ലക്ഷ്യത്തിലാണ് ജില്ലയിൽ വൈബ് 4 വെൽനസ്സ് പദ്ധതി നടപ്പിലാക്കുന്നത്. പ്രചരണ സന്ദേശവുമായി പദ്ധതിയുടെ സംസ്ഥാന തലചിഹ്നമായ ആമയുടെ മാതൃകയിൽ ആരോഗ്യ സന്ദേശവുമായി ആരോഗ്യകേരളം ജീവനക്കാരൻ തന്നെ വിവിധ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജില്ലയുടെ വിവിധ കേന്ദ്രങ്ങളിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമൂഹത്തിലെത്തിക്കുന്നു. വിവിധങ്ങളായ പൊതുസ്ഥലങ്ങളിൽ എത്തുന്ന ആമ യുവാക്കളുമായി സംവദിക്കുകയും ബോധവത്ക്കരണ സന്ദേശങ്ങൾ പകരുകയും ചെയ്യുന്നു.

### ശ്രദ്ധയാകർഷിച്ച് ആരോഗ്യത്തിലേക്ക് ഒരു ഗോൾ

ശാരീരികാധ്വാനം പ്രോൽസാഹിപ്പിക്കുന്ന കായിക വിനോദങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിനായി ആരോഗ്യത്തിലേക്ക് ഒരുഗോൾ പദ്ധതി വൈബ് 4 വെൽനസ് പ്രോഗ്രാമിന്റെ ഭാഗമായി നടക്കുന്നു. പ്രത്യേകം തയ്യാറാക്കിയ ഗോൾ പോസ്റ്റിന്റെ മാതൃകയിൽ കൃത്യമായി ലക്ഷ്യം കാണുന്നവർക്ക് സമ്മാനവുമായി ആരോഗ്യവകുപ്പ് ടീം പൊതുജനങ്ങളിലേക്ക് എത്തുന്നു. കൂടാതെ ജിം വ്യായാമങ്ങളെ ജനകീയമാക്കുന്നതിനായി സ്കൂൾ കോളേജുകൾ കേന്ദ്രീകരിച്ചുകൊണ്ടും, സ്ഥിരമായ ഇടവേളകളിൽ ശാരീരികാധ്വാനം പ്രോത്സാഹിപ്പിക്കുന്നതിനായി ഓഫീസുകൾ കേന്ദ്രീകരിച്ചുകൊണ്ടും വിവിധങ്ങളായ പ്രവർത്തനങ്ങൾ ഇടുക്കി ജില്ലാ ആരോഗ്യവകുപ്പ് നടപ്പിലാക്കുന്നു

സമഗ്ര ട്രാൻസ്പ്ലാന്റ് സെന്റർ: അവയവം മാറ്റിവയ്ക്കൽ രംഗത്ത് നിർണായക ചുവടുവയ്പ്പ്

# 60 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി

ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആദ്യഘട്ടം ഉടൻ പ്രവർത്തനം ആരംഭിക്കും: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: കോഴിക്കോട് സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷനായി 60 തസ്തികകൾ സൃഷ്ടിക്കാൻ മന്ത്രിസഭാ യോഗം അനുമതി നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പ്രൊഫസർ – 14, അസോസിയേറ്റ് പ്രൊഫസർ –7, അസിസ്റ്റന്റ് പ്രൊഫസർ – 39 എന്നിങ്ങനെയാണ് തസ്തികകൾ സൃഷ്ടിക്കുന്നത്. ആദ്യഘട്ടം ഉടൻ പ്രവർത്തനമാരംഭിക്കും. ആദ്യ ഘട്ടത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജിലായിരിക്കും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ട്രാൻസ്പ്ലാന്റേഷൻ പ്രവർത്തിക്കുക. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒന്നാംഘട്ട നിർമ്മാണം ഉടൻ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നതിന് 643.88 കോടി രൂപയാണ് അനുവദിച്ചത്. അത്യാധുനിക ഉപകരണങ്ങളും സംവിധാനങ്ങളും ഉൾപ്പെടെ സജ്ജമാക്കിയാണ് ഇൻസ്റ്റിറ്റ്യൂട്ട് യാഥാർത്ഥ്യമാക്കുന്നത്. അവയവദാന മേഖലയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്. വിദഗ്ധ പരിശീലനം സിദ്ധിച്ച ഡോക്ടർമാരും ശാസ്ത്രജ്ഞരും ആരോഗ്യ പ്രവർത്തകരും ഉൾപ്പെടുന്ന ഒരു പ്രത്യേക സ്ഥാപനമായിരിക്കുമിത്.

അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ടുള്ള ചികിത്സ, അധ്യാപനം, പരിശീലനം, ഗവേഷണം, അവയവദാന പ്രവർത്തനങ്ങൾ തുടങ്ങിയവ ഇതിലൂടെ സാധ്യമാകും. അവയവങ്ങൾക്ക് കേടുപാട് വന്നവരുടെ ചികിത്സ മുതൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയും പുനരധിവാസവും വരെയുള്ള സമഗ്ര പരിചരണവും സാധ്യമാക്കുന്ന തരത്തിലാണ് രൂപകൽപന ചെയ്തിരിക്കുന്നത്.

കോഴിക്കോട് ചേവായൂരിൽ 20 ഏക്കറിലാണ് ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നത്. 6 നിലകളുള്ള 4 ബ്ലോക്കുകളുണ്ടാകും. 219 ജനറൽ കിടക്കകൾ, 42 പ്രത്യേക വാർഡ് കിടക്കകൾ, 58 ഐസിയു കിടക്കകൾ, 83 എച്ച്ഡിയു കിടക്കകൾ, 16 ഓപ്പറേഷൻ റൂമുകൾ, ഡയാലിസിസ് സെന്റർ, ട്രാൻസ്പ്ലാന്റേഷൻ ഗവേഷണ കേന്ദ്രം എന്നിവയുൾപ്പെടെ 510 കിടക്കകളുള്ള അത്യാധുനിക ആശുപത്രി സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ 330 കിടക്കകളും 10 ഓപ്പറേഷൻ തീയറ്ററുകളും രണ്ടാം ഘട്ടത്തിൽ 180 കിടക്കകളും 6 ഓപ്പറേഷൻ തീയറ്ററുകളും സജ്ജമാക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 14 സ്പെഷ്യാലിറ്റി വിഭാഗങ്ങളും രണ്ടാം ഘട്ടത്തിൽ 7 സ്പെഷ്യാലിറ്റി വിഭാഗങ്ങളും ഉണ്ടാകും. അധ്യാപനത്തിനും വലിയ പ്രാധാന്യം നൽകുന്നു. 31 അക്കാദമിക് കോഴ്സുകൾ ആരംഭിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു.

കോർണിയ, വൃക്ക, കരൾ, കുടൽ, പാൻക്രിയാസ്, ഹൃദയം, ശ്വാസകോശം, മജ്ജ, സോഫ്റ്റ് ടിഷ്യൂ, കൈകൾ, ബോൺ മാറ്റിവയ്ക്കൽ തുടങ്ങിയവയെല്ലാം ഈ സെന്ററിലൂടെ സാധ്യമാകും.

സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിലാണ് നിലവിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടക്കുന്നത്. അവയവദാന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഈ സർക്കാർ കെ–സോട്ടോ രൂപീകരിച്ചു. ഇതുകൂടാതെയാണ് ഈ രംഗത്ത് മികച്ച മാതൃകയായി ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നത്.

അഭിമാനമായി എസ്.എ.ടി.യിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗം

# നീണ്ട കാത്തിരിപ്പിന് ശേഷം കുഞ്ഞ് പിറന്നതിന്റെ സന്തോഷം



തിരുവനന്തപുരം: 14 വർഷത്തെ നീണ്ട കാത്തിരിപ്പിന് ശേഷം നെയ്യാറ്റിൻകര സ്വദേശിയായ 36 വയസുകാരിയ്ക്ക് കുഞ്ഞ് ജനിച്ചു. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ കത്തിലൂടെ സന്തോഷം അറിയിച്ച് ഭർത്താവ് ഡോ. സുമൻ. മന്ത്രി വീണാ ജോർജ് കുടുംബത്തിന് ആശംസകൾ നേർന്നു. മികച്ച ചികിത്സ നൽകിയ എസ്.എ.ടി. ആശുപത്രിയിലെ ടീമിനെ അഭിനന്ദിക്കുകയും ചെയ്തു.

ഇരുവരും വിവാഹിതരായിട്ട് 14 വർഷങ്ങൾ കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് എസ്.എ.ടി ആശുപത്രിയിൽ കഴിഞ്ഞ 6 വർഷമായി ചികിത്സയിലായിരുന്നു. മറ്റ് സ്വകാര്യ ആശുപത്രികളിലെ ചികിത്സ കഴിഞ്ഞിട്ടാണ് എസ്എടിയിൽ ചികിത്സ തുടങ്ങിയത്. ഈ വർഷം തുടക്കത്തിൽ നടത്തിയ ഐവിഎഫ് എബ്രിയോ ട്രാൻസ്ഫർ ചികിത്സയിൽ ഗർഭധാരണം നടക്കുകയും 26.09.2025 ന് യുവതി ഒരു പെൺകുഞ്ഞിന് ജന്മം നൽകുകയും ചെയ്തു.

നീണ്ട 14 വർഷത്തെ കാത്തിരിപ്പിന് ശേഷം തങ്ങളുടെ വീട് സന്തോഷനിർഭരമായി എന്നാണ് ഡോ. സുമൻ പറയുന്നത്. അതിന് വഴിവച്ച അങ്ങയുടെ വകുപ്പിലെ എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗത്തിനോടുള്ള നിസ്സീമമായ നന്ദി അറിയിച്ചു കൊള്ളുന്നു. അവിടെ ചികിത്സയ്ക്കായി വരുന്നവരിൽ ഭൂരിഭാഗവും സാധാരണക്കാരായ ദമ്പതികളാണ്. എത്ര തിരക്കുണ്ടെങ്കിലും അത്യന്തം വിനയത്തോടെയും, പ്രസന്നതയോടെയുമാണ് ചികിത്സയ്ക്കെത്തുന്ന ഓരോ വ്യക്തികളുമായും ഇടപെടുന്നത്.

ചികിത്സാ ചെലവ് കുറവാണെന്നതിനെക്കാൾ, ചികിത്സയുടെ എല്ലാ ഘട്ടത്തിലും ഡോക്ടർമാർ ചികിത്സയുടെ സാങ്കേതിക വശങ്ങളെ കുറിച്ചും രോഗിയുടെ പ്രത്യുത്പാദന ആരോഗ്യത്തെകുറിച്ചും വിശദമായി പറഞ്ഞു മനസ്സിലാക്കി കൊടുക്കുന്നത്, മറ്റ് ഒരു ചികിത്സാലയത്തിലും ഇല്ല എന്ന കാര്യം അറിയിച്ചുകൊള്ളട്ടെ. ഇത് ചികിത്സയ്ക്ക് അത്യന്തം സുതാര്യത നൽകുന്നതാണ്. ഉന്നത നിലവാരത്തിൽ, വളരെ നിശബ്ദമായി പ്രവർത്തിക്കുന്ന റീപ്രൊഡക്ടീവ് മെഡിസിൻ വകുപ്പ് തീർച്ചയായും അങ്ങയുടെ കീഴിൽ വികസനത്തിന്റെ ഉന്നത തലത്തിലേക്ക് കുതിക്കുന്ന ആരോഗ്യവകുപ്പിന്റെ കിരീടത്തിലെ പൊൻതൂവലാണ് എന്ന കാര്യം അഭിമാനത്തോടെ ബോധിപ്പിച്ചുകൊള്ളട്ടെ.

ചികിത്സിച്ച ഡോക്ടർമാർ ഡോ. അനിത എം. (വകുപ്പ് മേധാവി), ഡോ. റെജി മോഹൻ തുടങ്ങിയ ടീം അംഗങ്ങൾക്കും നന്ദി അറിയിക്കുകയും ചെയ്യുന്നു.

പല കാരണങ്ങളാൽ കുഞ്ഞുങ്ങളില്ലാത്ത ദമ്പതിമാർക്ക് ആശ്രയ കേന്ദ്രമായി മാറുന്നതിന്റെ മികച്ച ഉദാഹരണമാണ് എസ്.എ.ടി. ആശുപത്രിയിലെ റീപ്രൊഡക്ടീവ് മെഡിസിൻ വിഭാഗം. കുട്ടികളുണ്ടാകില്ലെന്ന് കരുതി പ്രയാസപ്പെട്ടിരുന്നവർക്ക് അത്യാധുനിക ഐവിഎഫ് ചികിത്സയിലൂടെ 500ലധികം കുഞ്ഞുങ്ങളെയാണ് സമ്മാനിച്ചത്. ഇതുകൂടാതെ മറ്റ് ചികിത്സകൾ വഴി അനേകം കുഞ്ഞുങ്ങളേയും സമ്മാനിച്ചിട്ടുണ്ട്. കേരളത്തിനകത്തും പുറത്ത് നിന്നും എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ട് എത്തിയ ദമ്പതിമാരുമുണ്ട് അക്കൂട്ടത്തിൽ. ഹോർമോൺ ചികിത്സ, സർജറി, അസിസ്റ്റഡ് റീപ്രൊഡക്ടീവ് ടെക്നോളജി ഉപയോഗിച്ചുള്ള ഐ.വി.എഫ് (ഇൻ വിട്രോ ഫെർട്ടിലൈസേഷൻ), ഇൻട്രാസൈറ്റോപ്ലാസ്മിക് സ്പേം ഇൻജക്ഷൻ (ഐസിഎസ്ഐ) തുടങ്ങി വൻകിട കോർപറേറ്റ് ആശുപത്രികളെ പോലും വെല്ലുന്ന സംവിധാനങ്ങളാണ് എസ്.എ.ടി. ആശുപത്രിയിൽ സജ്ജമാക്കിയിരിക്കുന്നത്. ആഗോളതലത്തിലേത് പോലെ 40 മുതൽ 50 ശതമാനം വരെ വിജയ ശതമാനം ഉയർത്താൻ എസ്.എ.ടി. ആശുപത്രിയ്ക്കായിട്ടുണ്ട്.

കാൻസർ രോഗികൾക്ക് കീമോതെറാപ്പിക്കോ റേഡിയേഷനോ മുമ്പ് അണ്ഡം, ബീജം, ഭ്രൂണം എന്നിവ സൂക്ഷിച്ച് വയ്ക്കാൻ കഴിയുന്ന ശീതീകരണ സംവിധാനവും സജ്ജമാക്കിയിട്ടുണ്ട്. ഇത് കൂടാതെ കാൻസറോ മറ്റ് രോഗങ്ങളോ ബാധിച്ചവർക്ക് അണ്ഡം സൂക്ഷിച്ച് വയ്ക്കാനുള്ള ഫെർട്ടിലിറ്റി പ്രിസർവേഷൻ പ്രോഗ്രാമും ആരംഭിച്ചിട്ടുണ്ട്.

തിങ്കൾ മുതൽ ശനി വരെയാണ് ഒപി സേവനമുള്ളത്. ദമ്പതികൾ ഒരുമിച്ചാണ് ചികിത്സയ്ക്കായി എത്തേണ്ടത്. കൗൺസിലിംഗ് ഉൾപ്പെടെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് ഇവിടത്തെ ചികിത്സ.

പത്തനംതിട്ട ജില്ലാ ആശുപത്രിയ്ക്ക് അപൂർവ നേട്ടം

# 200 പേർക്ക് നൂതന സ്ട്രോക്ക് ചികിത്സ



തിരുവനന്തപുരം: പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സ്ട്രോക്കിനുള്ള ത്രോമ്പോലൈസിസ് ചികിത്സ 200 പേർക്ക് നൽകി. ആദ്യമായാണ് ഒരു ജില്ലാ, ജനറൽ ആശുപത്രി ഈയൊരു നേട്ടം കൈവരിക്കുന്നത്. ടിഷ്യു പ്ലാസ്മിനോജൻ ആക്റ്റിവേറ്റർ എന്ന വിലയേറിയ മരുന്ന് ഉപയോഗിച്ചാണ് ഈ ചികിത്സ നൽകുന്നത്. സ്വകാര്യ ആശുപത്രിയിൽ ലക്ഷങ്ങൾ വിലവരുന്ന ഈ ചികിത്സ പൂർണമായും സൗജന്യമായാണ് നൽകിവരുന്നത്. പത്തനംതിട്ട ജനറൽ ആശുപത്രി ന്യൂറോളജി ഡിപ്പാർട്ട്മെന്റിൽ ഇ.ഇ.ജി, നെർവ് കണ്ടക്ഷൻ സ്റ്റഡി എന്നീ സൗകര്യങ്ങളും ഉണ്ട്. ശബരിമല തീർത്ഥാടകർക്കുൾപ്പെടെ ഇത് സഹായകരമാണ്.

മലയോര ജില്ലയായ പത്തനംതിട്ടയിൽ സ്ട്രോക്ക് വന്ന രോഗികൾക്ക് നാലര മണിക്കൂറിനുള്ളിൽ ചികിത്സ നൽകാൻ കഴിയുന്ന കേന്ദ്രങ്ങൾ ഒന്നുമില്ലാതിരുന്ന സാഹചരത്തിലാണ് പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നൂതന സ്ട്രോക്ക് ചികിത്സ സജ്ജമാക്കിയത്. ഈ നേട്ടം കൈവരിക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ച ന്യൂറോളജിസ്റ്റ് ഡോ. സ്റ്റാൻലി ഉൾപ്പെടെയുള്ള ഡോക്ടർമാർ, നഴ്സുമാർ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങി എല്ലാവരേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് മന്ത്രി അഭിനന്ദിച്ചു.

സ്ട്രോക്ക് ബാധിച്ചാൽ ആദ്യത്തെ മണിക്കൂറുകൾ വളരെ നിർണായകമാണ്. പക്ഷാഘാതത്തിന്റെ ലക്ഷണങ്ങളാരംഭിച്ച് കഴിഞ്ഞാൽ നാലര മണിക്കൂറിനുള്ളിൽ ഈ ചികിത്സ നൽകിയെങ്കിൽ മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുകയുള്ളൂ. അതിനാലാണ് വളരെദൂരം യാത്ര ചെയ്യാതെ അതത് ജില്ലകളിൽ തന്നെ സ്ട്രോക്ക് യൂണിറ്റ് ആരംഭിച്ചത്. സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ജീവിതശൈലീ രോഗ നിയന്ത്രണ പദ്ധതിയുടെ കീഴിലുള്ള പക്ഷാഘാത നിയന്ത്രണ പരിപാടിയുടെ (ശിരസ്) ഭാഗമായാണ് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ സ്ട്രോക്ക് യൂണിറ്റ് ആരംഭിച്ചിരിക്കുന്നത്. സംസ്ഥാനത്ത് മെഡിക്കൽ കോളേജുകൾക്ക് പുറമേ ആരോഗ്യ വകുപ്പിന്റെ കീഴിൽ 12 ജില്ലകളിൽ സ്ട്രോക്ക് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും യാഥാർത്ഥ്യമാക്കി വരികയാണ്.

അനിയന്ത്രിതമായ രക്തസമ്മർദം, പ്രമേഹം, കൊളസ്ട്രോൾ എന്നിവകൊണ്ടാണ് സ്ട്രോക്ക് ഉണ്ടാകുന്നത്. രക്ത സമ്മർദത്തിന് മരുന്ന് കഴിക്കുന്നവർ പെട്ടെന്ന് മരുന്ന് നിർത്തിയാലും സ്ട്രോക്ക് വരാം. വായ് കോട്ടം, കൈയ്ക്കോ കാലിനോ തളർച്ച, സംസാരത്തിന് കുഴച്ചിൽ എന്നീ ലക്ഷണങ്ങൾ ഒരാളിൽ കണ്ടാൽ സ്ട്രോക്ക് ആണെന്ന് സ്ഥിരീകരിക്കാം. ഉടനടി ചികിത്സ ലഭ്യമാക്കിയില്ലെങ്കിൽ ചലന ശേഷിയും സംസാരശേഷിയും തന്നെ എന്നെന്നേക്കുമായി നഷ്ടപ്പെട്ടുപോകും. ചിലപ്പോൾ മരണം തന്നെയും ഉണ്ടാകും. അതിനാൽ സമയബന്ധിതമായ സ്ട്രോക്ക് ചികിത്സയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ട്.

(പേജ് 2ൽ നിന്ന് തുടർച്ച)

# ഇതുവരെ തുണയായത് 5.66 ലക്ഷം സ്ത്രീകൾക്കും കുട്ടികൾക്കും



ര പ്രായക്കാരായ പെൺകുട്ടികൾ, ഗാർഹിക പീഡനം അല്ലെങ്കിൽ മറ്റ് തരത്തിലുള്ള പീഡനങ്ങൾ നേരിടുന്ന സ്ത്രീകൾ, ട്രാൻസ്ജെൻഡർ എന്നിവർക്ക് മിത്ര 181 ഹെൽപ്പ് ലൈനിന്റെ 24/7 സേവനങ്ങൾ പ്രയോജനപ്പെടുത്താം.

സ്ത്രീകൾക്ക് നീതിയും സുരക്ഷയും ഉറപ്പുവരുത്താൻ കർമ്മനിരതമാണ് മിത്ര 181. ശരാശരി 300 കോളുകളാണ് പ്രതിദിനം മിത്ര 181ൽ എത്തുന്നത്. പ്രതിസന്ധി ഘട്ടങ്ങളിൽ വിളിക്കുന്ന കോളുകളും വിവരാന്വേഷണത്തിനായി വിളിക്കുന്ന കോളുകളുമാണ് അധികവും. 3 ഷിഫ്റ്റുകളിൽ 12 വനിതകളാണ് മിത്ര 181ൽ സേവനമനുഷ്ഠിക്കുന്നത്. നിയമം അല്ലെങ്കിൽ സോഷ്യൽവർക്ക് മേഖലയിൽ ഉന്നത വിദ്യാഭ്യാസമുള്ളവരെയാണ് ഇതിൽ നിയമിച്ചിട്ടുള്ളത്. വിദഗ്ധ പരിശീലനവും തുടർ പരിശീലനവും ഇവർക്ക് ഉറപ്പ് വരുത്തിയിട്ടുണ്ട്.

ആരോഗ്യം ആനന്ദമാക്കാൻ

# നാട്ടുകൂട്ടം വീട്ടുകോലായയിൽ ഒത്തുകൂടി



കാസറഗോഡ്: 'വയസ്സ് 93 കഴിഞ്ഞു, എന്നാലും ദിവസം ചുരുങ്ങിയത് 5 കിലോമീറ്ററെങ്കിലും സൈക്കിൾ ചവിട്ടും, വയലിൽ പോവുന്നതും പുറത്ത് എവിടെ പോവുന്നതും സൈക്കിളിൽ തന്നെ. ഇതുവരെ ഷുഗറോ പ്രഷറോ ഇല്ല.' വീട്ടുകോലായയിൽ ഒത്തുകൂടിയവരോട് കുഞ്ഞമ്പുവേട്ടൻ ഉറച്ച സ്വരത്തിൽ പറഞ്ഞു. സംസ്ഥാന ആരോഗ്യവകുപ്പിന്റെ 'ആരോഗ്യം ആനന്ദം – വൈബ് 4 വെൽനസ്' ക്യാമ്പയിന്റെ പ്രചരണാർത്ഥം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫിസും ദേശീയാരോഗ്യ ദൗത്യവും ഉദിനൂർ എ.കെ.ജി കലാവേദിയുടെ സഹകരണത്തോടെ ഉദിനൂർ തെക്കുപുറത്ത് സംഘടിപ്പിച്ച കോലായക്കൂട്ടമാണ് വ്യത്യസ്തമായ ആശയസംവാദ വേദിയായി മാറ്റപ്പെട്ടത്. മാറിയ കാലത്തിന്റെ ഭക്ഷണരീതികളും ജീവിത ശൈലികളും സമൂഹത്തെ രോഗാതുരമാക്കുന്നതിനെതിരെ ജനകീയ ബോധവൽക്കരണവഴികൾ തീർക്കുകയാണ് കാമ്പയിനിലൂടെ ആരോഗ്യ വകുപ്പ്. പഴയകാലത്തിന്റെ ജീവിതശൈലികളും ഭക്ഷണ രീതിയുമെല്ലാം പഴയ തലമുറ വിശദികരിച്ചപ്പോൾ ഗൗരവത്തോടെ കേട്ടിരുന്നു പുതിയ തലമുറ. കൃത്യമായ ശാസ്ത്രീയ വിശദീകരണം നൽകാൻ ജില്ലാ മെഡിക്കൽ ഓഫിസറുടെ നേതൃത്വത്തിലുള്ള ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ഉണ്ടായിരുന്നു. ബോധവൽക്കരണത്തിനായി ഒരുക്കിയ വ്യത്യസ്തമായ കലാപരിപാടികളും കോലായക്കൂട്ടത്തെ സമ്പന്നമാക്കി. കൊടക്കാട് പണയക്കാട് പൂരക്കളി സംഘത്തിന്റെ പൂരക്കളി, യോദ്ധ, കളരിപ്പയറ്റ് അക്കാദമിയുടെ കളരിപ്പയറ്റ് പ്രദർശനം, സ്കിറ്റ്, ഏകാഭിനയം, പാട്ടുകൾ എന്നിവ ബോധവൽക്കരണ പരിപാടിക്ക് മാറ്റ് കൂട്ടി. സിനിമാതാരം പി.പി.കുഞ്ഞികൃഷ്ണൻ പാട്ടും വർത്തമാനവുമായി കോലായക്കൂട്ടത്തിൽ മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്തംഗം ഡോ : സറീനസലാം, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ: എ.വി. രാംദാസ്, ആരോഗ്യ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ജെ മണികണ്ഠൻ, ചൈൽഡ് ഹെൽത്ത് നോഡൽ ഓഫീസർ ഡോ. രാഹുൽ യു ആർ, ഡപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫിസർമാരായ ഡോ: ബി. സന്തോഷ്, ഡോ: അജയ് രാജ്, ജനപ്രതിനിധികളായ പി.സി സുബൈദ, പി.പുഷ്പ, ജില്ലാഎഡ്യുക്കേഷൻ, മിഡിയ ഓഫിസർ അബ്ദുൾ ലത്തിഫ് മഠത്തിൽ, ജില്ലാ വി.ബി. ഡി ഓഫിസർ കെ.വി. ഗിരീഷ്, ഡോ: ധന്യ, ഹെൽത്ത് ഇൻസ്പെക്ടർ പി.വി മഹേഷ്കുമാർ എന്നിവർ ജനങ്ങളുമായി സംവദിച്ചു.

സൈക്കിൾ യാത്രയിലൂടെ

# കമറുന്നീസയുടെ ഡ്രഗ് ഫ്രീ സന്ദേശം



കോഴിക്കോട്: ഡ്രഗ് ഫ്രീ കേരള എന്ന സന്ദേശശം ജനങ്ങളിലേക്ക് എത്തിക്കാൻ ഹെൽത്ത് കെയർ ഫൗണ്ടേഷൻ താമരശ്ശേരിയിൽ നിന്ന് തിരുവനന്തപുരത്തേക്ക് നടത്തിയ സൈക്കിൾ യാത്രയിൽ പങ്കാളികളായ രണ്ട് വനിതകളിൽ ഒരാൾ ആശ പ്രവർത്തക. കോഴിക്കോട് നഗരാരോഗ്യ കേന്ദ്രത്തിന് കീഴിലെ കുണ്ടുപറമ്പ് നഗര പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ പ്രവർത്തിക്കുന്ന കമറുന്നീസയാണ് സൈക്കിൾ യാത്രയിൽ പങ്കെടുത്തത്.

സാമൂഹ്യപ്രവർത്തകയായ കരുവശ്ശേരി സ്വദേശികളായ കമറുന്നീസ, പേരാമ്പ്ര നൊച്ചാട് സ്വദേശി ഇർഫാന എന്നിവരാണ് നാന്നൂറിലധികം കിലോമീറ്റർ സൈക്കിൾ ചവിട്ടി തിരുവനന്തപുരത്തെത്തിയത്. നേരത്തെ സൈക്കിൾ പോളോ താരമായിരുന്ന കമറുന്നീസ ദേശീയ സംസ്ഥാന ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുത്ത് വിജയിച്ചിട്ടുണ്ട്. കൂടാതെ 2005 ൽ സൈക്കിൾ പോളോയിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്തിരുന്നു. ജീവകാരുണ്യ രംഗത്തും സജീവമായ കമറുന്നീസ കോവിഡ് കാലത്ത് കോഴിക്കോട് മെഡിക്കൽ കോളേജിലെ കോവിഡ് സെല്ലിൽ ആർ.ആർ.ടി വളണ്ടിയറായി മികച്ച സേവനമനുഷ്ഠിച്ചിരുന്നു. ഭർത്താവ് ലിബാസ്, മക്കൾ ഫാത്തിമ, ഫിദ.

ജിം പരിശീലക കൂടിയായ ഇർഫാന ദുരന്ത നിവാരണ, സാമൂഹിക, കായിക രംഗത്ത് സജീവമാണ്. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് നടത്തുന്ന ഈ സന്ദേശത്തിനൊപ്പം ഇത്രയും ദൂരം കൊടും ചൂടിൽ യാത്ര ചെയ്യാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ടെന്നും, സ്ത്രീകളടക്കം എല്ലാവരും മുന്നിലേക്ക് വരണമെന്നും തങ്ങളാൽ കഴിയുന്ന തരത്തിൽ ഒരു സാമൂഹ്യ പ്രശ്നത്തെ പ്രതിരോധിക്കാൻ സാധിച്ചതിലുള്ള വലിയ സന്തോഷത്തിലുമാണ് ഇവർ.



ആർ.സി.സിയിലെ

# 14 നില കെട്ടിടം ഫെബ്രുവരി ആദ്യവാരത്തോടെ പ്രവർത്തനം ആരംഭിക്കും

മന്ത്രി വീണാ ജോർജ് കെട്ടിടം സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി



തിരുവനന്തപുരം: തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ 242.42 കോടി രൂപയുടെ പുതിയ ബഹുനില മന്ദിരം ഫെബ്രുവരി ആദ്യവാരത്തോടെ പ്രവർത്തനം ആരംഭിക്കും. ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് കെട്ടിടം സന്ദർശിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, ആർ.സി.സി ഡയറക്ടർ ഡോ. രജനീഷ് തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. സമയബന്ധിതമായി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ മന്ത്രി നിർദേശം നൽകി. ഫിനിഷിംഗ് ജോലികൾ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ജോലികൾ തുടങ്ങിയവ പൂർത്തിയാക്കാനുണ്ട്. ഫർണിച്ചറുകൾ, ഓക്സിജൻ പ്ലാന്റ്, മറ്റ് സംവിധാനങ്ങൾ എന്നിവ അനുബന്ധമായി സജ്ജമാക്കുന്നതാണ്.

സ്ഥലപരിമിതി മൂലം ബുദ്ധിമുട്ടുന്ന ആർസിസിയ്ക്ക് ഏറെ സഹായകരമാണ് ഈ കെട്ടിടം. 30,680 സ്ക്വയർ മീറ്റർ വിസ്തീർണത്തിലാണ് 14 നില കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ബേസ്മെന്റ് ഒന്നും രണ്ടും പാർക്കിംഗിനാണ്. ഗ്രൗണ്ട് ഫ്ളോറിൽ ലീനിയർ ആക്സിലറേറ്റ്, ബ്രാക്കി തെറാപ്പി, സിമുലേറ്റർ മെഷീൻ, ഒന്നാം നിലയിൽ മൈക്രോബയോളജി, ബ്ലഡ്ബാങ്ക്, റീഹാബ് സർവീസ്, ബില്ലിംഗ്, രണ്ടാം നിലയിൽ ന്യൂക്ലിയർ മെഡിസിൻ, വാർഡുകൾ, കഫ്റ്റീരിയ, മൂന്നാം നിലയിൽ ബിഎംടി, എഡ്യൂക്കേഷൻ ഫെസിലിറ്റി, നാലാം നിലയിൽ ലുക്കീമിയ ആന്റ് ബോൺമാരോ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ്, അഞ്ചാം നിലയിൽ വാർഡുകൾ, നഴ്സിംഗ് സ്റ്റേഷൻ എന്നിവയാണ് സജ്ജമാക്കുക.

ആറാം നിലയിൽ 6 മോഡ്യുലാർ സ്റ്റേറ്റ് ഓഫ് ദ ആർട്ട് ഓപ്പറേഷൻ തീയറ്റർ, എം.ഐ.സി.യു, സി.എസ്.എസ്.ഡി., ഏഴാം നിലയിൽ വാർഡുകൾ, സ്യൂട്ട്റൂം, നഴ്സിംഗ് സ്റ്റേഷൻ, എട്ടാം നിലയിൽ നഴ്സസ് ഹോസ്റ്റൽ, ഒമ്പതാം നിലയിൽ പിജി ഹോസ്റ്റൽ, പത്താം നിലയിൽ ഫെസിലിറ്റി റൂം, ലൈബ്രറി, ഗസ്റ്റ് റൂം, പതിനൊന്നാം നിലയിൽ ഭാവി പ്രവർത്തനങ്ങൾക്ക്, ടെറസിൽ എം.ഇ.പി സർവീസ്, ഓപ്പറേറ്റർ റൂം എന്നിവയുമാണ് സജ്ജമാക്കുക.

# കുടിയേറ്റ തൊഴിലാളികൾക്ക് താങ്ങായി മിസ്റ്റ്



കോട്ടയം: മറ്റു സംസ്ഥാനങ്ങളിൽ നിന്നോ രാജ്യങ്ങളിൽ നിന്നോ എത്തുന്ന കുടിയേറ്റ തൊഴിലാളികളിലും യാത്രക്കാരിലും മലേറിയ, ഫയിലേറിയ പോലുള്ള രോഗങ്ങൾ കണ്ടെത്തുന്നതിനായി രൂപീകരിച്ച പ്രത്യേക ആരോഗ്യ സംഘമാണ് മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം (MIST). സ്ക്രീനിംഗ് പ്രവർത്തനങ്ങൾ നടത്തുന്നതിനായി ജില്ലയിലെ ഓരോ ആരോഗ്യസ്ഥാപങ്ങളുടെയും പ്രവർത്തന മേഖലയിൽ അധിവസിക്കുന്ന കുടിയേറ്റ തൊഴിലാളികളെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരുടെ സഹകരണത്തോടെ കണ്ടെത്തും. പേര്, വയസ്, ലിംഗം, സ്വദേശം, താമസസ്ഥലം, ജോലി സ്ഥലം, യാത്രാ ചരിത്രം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കും. തുടർന്ന് പനി, തലവേദന, വിറയൽ, ഛർദ്ദി, ശരീരവേദന തുടങ്ങിയ മലേറിയ ലക്ഷണങ്ങൾ ഉണ്ടോ എന്ന് (Symptom Screening) പരിശോധിക്കുന്നു. ഫയിലേറിയ ആക്റ്റീവ് കേസുകളെ കണ്ടെത്തുന്നതിനായി രാത്രികാലങ്ങളിൽ ആണ് പരിശോധന നടത്തുന്നത്. സംശയാസ്പദ കേസുകളിൽ നിർബന്ധമായും Peripheral Blood Smear ടെസ്റ്റ് നടത്തുന്നു.

മലേറിയ സ്ഥിരീകരിച്ചവരെ അടുത്ത ആരോഗ്യസ്ഥാപനത്തിലേക്ക് റഫർ ചെയ്യുകയും, പ്രോട്ടോക്കോൾ പ്രകാരം ചികിത്സ ആരംഭിക്കുന്നതായി ഉറപ്പാക്കുകയും ചെയ്യുന്നു. ഒപ്പം ചികിത്സ പൂർത്തിയായോ, ലക്ഷണങ്ങൾ മാറിയോ എന്ന് പരിശോധിക്കാൻ ഫോളോ–അപ്പ് നടത്തുകയും ചെയ്യുന്നു. ഓരോ ഗ്രാമ നഗര പ്രദേശങ്ങളിലും പൊതുജനാരോഗ്യവിഭാഗവും ആയി ചേർന്ന് മലേറിയ പ്രതിരോധ മാർഗങ്ങൾ, കൊതുക് നിയന്ത്രണം, നെറ്റ് ഉപയോഗം എന്നിവയെക്കുറിച്ച് അവബോധം നൽകുകയും ചെയ്യുന്നു. ജില്ലയിൽ പൊതുജനാരോഗ്യ വിഭാഗവുമായി ചേർന്ന്, കഴിഞ്ഞ 6 മാസത്തിനുള്ളിൽ 115 രാത്രികാല സ്ക്രീനിംഗ് ക്യാമ്പുകൾ സങ്കടിപ്പിക്കുക്കയും അതിൽ 3732 പേരെ സ്ക്രീൻ ചെയ്തപ്പോൾ 51 കേസുകൾ ഫൈലേറിയ പോസിറ്റീവ് ആണെന്ന് കണ്ടെത്തുകയും ചെയ്തു.

മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം മുഖേന കുടിയേറ്റ തൊഴിലാളികൾക്ക് സമയബന്ധിതവും സമഗ്രവുമായ ആരോഗ്യപരിശോധനയും ആവശ്യമായ കൗൺസലിംഗും ചികിത്സയിലേക്കുള്ള റഫറലും ഉറപ്പാക്കാൻ സാധിച്ചുവരുന്നു. ഇതിലൂടെ രോഗങ്ങൾ പ്രാരംഭഘട്ടത്തിൽ കണ്ടെത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും ആരോഗ്യബോധവൽക്കരണം വർധിപ്പിക്കുന്നതിനും ടീം നിർണായക പങ്ക് വഹിക്കുന്നു.

ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി

# പുരോഗമന പാതയിൽ



എറണാകുളം: പുതിയ ബ്ലോക്കുകളും ആധുനിക സൗകര്യങ്ങളുമായി പുരോഗതി ഉറപ്പാക്കി ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി. എറണാകുളം ജില്ലയിലെ പ്രധാന ആശുപത്രികളിൽ ഒന്നായ ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയിൽ സി.എസ്.എം.എൽ സഹായത്തോടെ പുതിയ ബ്ലോക്ക് നിർമിച്ചതോടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം മിതമായ നിരക്കിൽ ലഭ്യമാകും.

7.4 കോടി നിർമാണചെലവിൽ ഒരുങ്ങിയ മൂന്നു നില കെട്ടിടത്തിന് 15737 ചതുരശ്രയടിയാണ് വിസ്തീർണം. പുതിയ ഒ.പി കൗണ്ടറുകൾ, ഡോക്ടർമാർക്ക് മുറികൾ, നേഴ്സിംഗ് സ്റ്റേഷൻ, ലാബുകൾ, ഫാർമസി, ലിഫ്റ്റ്, ഫയർ സിസ്റ്റം എന്നിവയടകം ഒരുക്കിയിട്ടുണ്ട്. മറ്റൊരു കെട്ടിടത്തിൽ ജെറിയാട്രിക് സെന്റർ, ഡയാലിസിസ് സെന്റർ എന്നിവ സജ്ജമാണ് ഒപ്പം ഫിസിയോതെറാപ്പി സെന്ററും പേവാർഡുകളുമുണ്ട്. ഫിസിയോ തെറാപ്പി സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന മെഷിനറികളും ലേസർ മാഗ്നെറ്റിക് സ്റ്റിമുലേറ്റഷൻ തെറാപ്പി ഡിവൈസ് ഉൾപ്പെടെയുള്ള അത്യാധുനിക സംവിധാനങ്ങളും മെച്ചപ്പെട്ട ചികിത്സാസൗകര്യം ഒരുക്കുവാൻ സഹായകമാകും. ഇതിനായി കോർപറേഷൻ വികസനഫണ്ടിൽ നിന്നും 1.80 കോടിയും ബി പി സി എല്ലിന്റെ പൊതുനന്മ ഫണ്ടിൽ നിന്നും 40 ലക്ഷവും ചെലവഴിച്ചു.

എട്ട് ഡയാലിസിസ് മെഷിനുകൾ കൂടി പുതുതായി ഏർപ്പെടുത്തി ഡയാലിസിസ് വിഭാഗം നവീകരിച്ചു. 19 പേർക്ക് ഒരേസമയം ഡയാലിസിസ് നടത്താനാവുന്ന സൗകര്യം ഇപ്പോഴുണ്ട്. ഹെൽത്ത് ഗ്രാന്റിൽ നിന്ന് 50 ലക്ഷം രൂപ ജെറിയാട്രിക് വാർഡിനായി ഉപയോഗിക്കുകയും കൂടെ പീഡിയാട്രിക് വാർഡും നവീകരിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി ഈ വർഷം നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് നേടിയിട്ടുണ്ട്.



# VIBE 4 WELLNESS
ആരോഗ്യം ആനന്ദം

## ജില്ലാതല ഉദ്ഘാടനങ്ങൾ

### കാസറഗോഡ്



### കണ്ണൂർ



### പത്തനംതിട്ട



### തൃശ്ശൂർ



### കോഴിക്കോട്



### പാലക്കാട്



### ആലപ്പുഴ



### എറണാകുളം



### ഇടുക്കി



### കോട്ടയം



### മലപ്പുറം



### വയനാട്




### കൊല്ലം



### തിരുവനന്തപുരം

